# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.214** **19/03/2015-ൽ മറുപടിക്ക്**

## സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ അഭാവം

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. എളമരം കരീം
ഡോ. കെ. ടി. ജലീൽ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികൾക്ക് അവശ്യം വേണ്ട മരുന്നുകൾപോലും ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ ; | (എ) | സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ സംസ്ഥാന ആരോഗ്യ വകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇൻഡന്റ് അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നുണ്ട്. |
| (ബി) | മരുന്ന് വാങ്ങാനുള്ള പട്ടികയിൽ നിന്ന് നിരവധി അവശ്യ മരുന്നുകളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; സാമ്പത്തിക പ്രതിസന്ധിയുണ്ടോ; നിജസ്ഥിതി വിശദമാക്കാമോ ; | (ബി) | ഓരോ സാമ്പത്തിക വർഷത്തേയ്ക്കുമുള്ള മരുന്നുകൾ സംഭരണ പ്രക്രിയ തുടങ്ങുന്നതിന് മുമ്പ് തന്നെ മുൻ വർഷങ്ങളിലെ ആവശ്യകത, ഉപഭോഗം തുടങ്ങിയവ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ (എൻ.എച്ച്.എം.), സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, ഗവ. ഫാർമസ്യൂട്ടിക്കൽ സയൻസ് കോളേജ് വിഭാഗം മേധാവി, തുടങ്ങിയവർ ഉൾപ്പെടുന്ന ഉന്നത തല സമിതി വിലയിരുത്തി, 53 ഇനം മരുന്നുകൾ നിലവിലുള്ള പട്ടികയിൽ നിന്നും നീക്കം ചെയ്യുക, 18 ഇനം മരുന്നുകളുടെ സ്പെസിഫിക്കേഷൻ ഭേദഗതി ചെയ്യുക തുടങ്ങിയ ശുപാർശകൾ സമർപ്പിച്ചു.<br>തുടർന്ന് ആരോഗ്യ വകുപ്പിലേയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലേയും വിദഗ്ധ ഡോക്ടർമാർ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റിയുടെ യോഗം 17.12.2014, 18.12.2014 എന്നീ ദിവസങ്ങളിൽ കോർപ്പറേഷൻ ആസ്ഥാനത്ത് ചേരുകയും ടി കമ്മിറ്റിയുടെ ശുപാർശനുസരിച്ച് വിലകൂടിയ 29 ഇനം മരുന്നുകളുടെ പട്ടികയിൽ ഉൾപ്പെട്ട 2 ഇനം മരുന്നുകൾ പട്ടികയിൽ നിന്നും നീക്കം ചെയ്യുകയും അവ കാരുണ്യാ ഫാർമസിയുടെ ഔട്ട് ലെറ്റുകളിലൂടെ ലഭ്യമാക്കുന്നതിനും തീരുമാനിച്ചു.<br>ജീവൻരക്ഷാമരുന്നുകളും അവശ്യമരുന്നുകളും കോർപ്പറേഷന്റെ മരുന്നു പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ബഡ്ജറ്റിൽ തുക വകയിരുത്തിട്ടുള്ളതിലും അധികം തുകയ്ക്കുള്ള മരുന്നുകൾക്ക് ഇൻഡന്റ് അനുസരിച്ച് ഓർഡർ നൽകേണ്ടിവന്നതിനാൽ അധിക ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(സി) കെ.എം.എസ്.സി.എൽ.-ന് മരുന്ന് വാങ്ങിയ വകയിൽ കടിശ്ശികയുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് തുക | അനുവദിച്ചത് | മരുന്നുവാങ്ങിയത് | കുറവ് |
|---|---|---|---|---|
| 2008-09 | 129.67 | 95.03 | 125.71 | 30.68 |
| 2009-10 | 130.00 | 130.00 | 148.99 | 18.99 |
| 2010-11 | 145.00 | 145.00 | 155.07 | 10.07 |
| 2011-12 | 174.00 | 174.00 | 177.37 | 3.37 |
| 2012-13 | 200.00 | 200.00 | 310.67 | 110.67 |
| 2013-14 | 220.00 | 220.00 | 280.13 | 60.13 |
| 2014-15 28.02.15 വരെ | 242.00 | 110.00 | 195.38 | 85.38 |
| **ആകെ** | **1240.67** | **1074.03** | **1393.32** | **319.29** |

(ഡി) മരുന്ന് വാങ്ങലും വിതരണവും കെ.എം.എസ്.സി.എൽ. കാര്യക്ഷമമായി നടത്തുന്നുവെന്ന് ഉറപ്പാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിലവിൽ സമയബന്ധിതമായി ഇ-ടെൻഡർ നടപടിക്രമങ്ങളിലൂടെ വളരെ കാര്യക്ഷമമായാണ് മരുന്ന് സംഭരണവും വിതരണവും നടത്തി വരുന്നത്. മുൻ വർഷങ്ങളിൽ മരുന്നുകളുടെ ഇൻഡന്റിലുണ്ടായിരുന്ന അപാകതകൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്നും പ്രസ്തുത കാര്യങ്ങളിൽ വീഴ്ച വരുത്താതെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനതലം മുതലുള്ള മരുന്നുവിതരണം സുഗമമാക്കുന്നതിനായി ഓൺലൈൻ ഡി.ഡി.എം.എസ്. സോഫ്റ്റ്‌വെയർ മോണിറ്ററിംഗ് സിസ്റ്റം കോർപ്പറേഷനിൽ നടപ്പിലാക്കുന്നതിന് അന്തിമഘട്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തിൽ പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ വാർഷിക ഇൻഡന്റ്, കാലാവധി കഴിയാറായ മരുന്നുകളുടെ കൃത്യമായ നിരീക്ഷണം, ജില്ലകൾ തമ്മിലുള്ള മരുന്നുവിതരണത്തിന്റെ വിവരങ്ങൾ, എല്ലാ ജില്ലകളിലും ജില്ലാമെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള മരുന്നുവിതരണം, കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികളുടെ വിശദാംശങ്ങൾ, ഓരോ സ്ഥാപനങ്ങളിലേയുമുള്ള മരുന്നുകളുടെ സംഭരണത്തിലും വിതരണത്തിലും ഉള്ള കൃത്യത എന്നിവയാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ